ക്യുഐപി1/9141/2020/ഡിജിഇ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 18/05/2021

# സർക്കുലർ

വിഷയം : 2021-22 അദ്ധ്യയന വർഷത്തെ അഡ്മിഷൻ/പ്രൊമോഷൻ നടപടികൾ - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് -

സൂചന : 1) സ.ഉ(സാധാ)നം.1737/2020/പൊ.വി.വ തീയതി.28/05/2020.

2) 13/04/2021 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

3) 29/04/2021 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.

2020-21 അദ്ധ്യയന വർഷത്തെ 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വർഷാന്ത വിലയിരുത്തലും ക്ലാസ്സ് പ്രമോഷനും സംബന്ധിച്ച വിശദമായ സർക്കുലർ സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നൽകിയിരുന്നു. എന്നാൽ ജനങ്ങൾ സ്വയം ലോക്ക്ഡൗൺ ആകണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് വർഷാന്ത വിലയിരുത്തലിനായി തയ്യാറാക്കിയ വർക്ക്ഷീറ്റുകളുടെ പ്രവർത്തനം നിശ്ചിത സമയത്തിനകം എല്ലാ സ്കൂളുകളിലും പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ മേൽ നിർദ്ദേശം 9-ാം ക്ലാസ്സിലെ കുട്ടികൾക്ക് മാത്രം ബാധകമാക്കി മെയ് 25-നകം സ്കൂൾതല പ്രവർത്തനം പൂർത്തിയാക്കി പ്രൊമോഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന് സൂചന (3) കത്ത് പ്രകാരം അറിയിച്ചിരുന്നു. സംസ്ഥാനത്ത് സമ്പൂർണ്ണ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനാൽ വർക്ക്ഷീറ്റുകൾ സ്കൂളുകളിൽ നിന്ന് കുട്ടികൾക്ക് കൈപ്പറ്റുന്നതിനോ പ്രവർത്തനം പൂർത്തിയാക്കി നിശ്ചിത സമയത്തിനകം തിരികെ സ്കൂളുകളിൽ ഏൽപ്പിക്കുന്നതിനോ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്.

സൂചന (1) പ്രകാരം സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ 1 മുതൽ 10 വരെ ക്ലാസുകളിലേക്കുള്ള പ്രവേശനം, വിടുതൽ സർട്ടിഫിക്കറ്റ് നൽകൽ എന്നിവ ഓൺലൈനായി നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2020-21 അദ്ധ്യയന വർഷത്തെ പ്രൊമോഷൻ, 2021-22 അദ്ധ്യയന വർഷത്തെ അഡ്മിഷൻ/വിടുതൽ എന്നിവ സംബന്ധിച്ച് താഴെ പറയുന്ന പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമപ്രകാരവും, 9-ാം ക്ലാസ്സിലെ കുട്ടികൾക്ക് നിലവിലെ അസാധാരണ സാഹചര്യങ്ങൾ പരിഗണിച്ചും തൊട്ടടുത്ത ക്ലാസ്സിലേക്ക് പ്രൊമോഷൻ നൽകേണ്ടതാണ്.
2. വർക്ക് ഫ്രം ഹോം സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രൊമോഷൻ നടപടികൾ 2021 മെയ് 25-നകം പൂർത്തീകരിക്കേണ്ടതാണ്.
3. പുതിയ ക്ലാസ്സിലേക്ക് പ്രൊമോഷൻ നൽകപ്പെടുന്ന കുട്ടികളെ ഓരോരുത്തരെയും ബന്ധപ്പെട്ട ക്ലാസ്സ് ടീച്ചർമാർ ഫോൺ വഴി ബന്ധപ്പെടുകയും കുട്ടികളുടെ വൈകാരിക പശ്ചാത്തലം (Emotional well-being) / അക്കാദമിക നില സംബന്ധിച്ച് വിശദമായി സംസാരിക്കുകയും ഓൺലൈൻ ക്ലാസ്സുകളിലൂടെ നടത്തിയ പഠന പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യേണ്ടതാണ്. മെയ് 26 മുതൽ 30 വരെയുള്ള ദിവസങ്ങളിലായി ഈ

പ്രവർത്തനം ക്ലാസ്സ് ടീച്ചർമാർ പൂർത്തിയാക്കേണ്ടതും, ആയതു സംബന്ധിച്ച റിപ്പോർട്ട് പ്രഥമാദ്ധ്യാപകർക്ക് നൽകേണ്ടതുമാണ്. പ്രഥമാദ്ധ്യാപകർ ആയത് ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ടതും, ക്രോഡീകരിച്ച റിപ്പോർട്ട് മെയ് 31-നകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യലയത്തിലേക്ക് ഇ-മെയിൽ വഴി (supdtqip.dge@kerala.gov.in) അയക്കേണ്ടതാണ്. എന്നാൽ ഒരു സാഹചര്യത്തിലും പ്രവർത്തന റിപ്പോർട്ട് നേരിട്ട് സ്കൂളുകളിൽ നിന്നും ഈ കാര്യാലയത്തിലേക്ക് അയക്കുവാൻ പാടില്ല.

4. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും (സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ്) 2021-22 അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ മെയ് 19 -ാം തീയതി മുതൽ കോവിഡ്-19 സംബന്ധിച്ച സർക്കാർ പൊതു നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആരംഭിക്കേണ്ടതാണ്.

5. പ്രവേശനത്തിനായിട്ടുള്ള അപേക്ഷ ഓൺലൈനായി സമ്പൂർണ്ണ പോർട്ടലിലൂടെ (sampoorna.kite.kerala.gov.in) രക്ഷകർത്താക്കൾക്ക് നൽകാവുന്നതാണ്. ആയതിനുള്ള സൗകര്യം ലഭ്യമല്ലാത്തവർക്ക് ഫോണിൽ ബന്ധപ്പെട്ടും അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കാവുന്നതാണ്. ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ പ്രഥമാദ്ധ്യാപകർ അഡ്മിഷൻ നടത്തുന്നതിന് വേണ്ടിയുള്ള സാധ്യമായ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും പ്രവേശനത്തിനോട് അനുബന്ധമായ രേഖകളും മറ്റ് വിശദാംശങ്ങളും ലോക്ക്ഡൗൺ പിൻവലിച്ചതിന് ശേഷം കൃത്യത ഉറപ്പ് വരുത്തി നടപടികൾ പൂർത്തീകരിക്കാവുന്നതുമാണ്. നിലവിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ലോക്ക്ഡൗൺ പിൻവലിച്ചതിന് ശേഷവും രക്ഷിതാക്കൾക്ക് സ്കൂളുകളിൽ നേരിട്ടെത്തി കുട്ടികളുടെ പ്രവേശന അപേക്ഷ നൽകാവുന്നതാണ്.

6. അഡ്മിഷൻ സമയത്ത് ഏതെങ്കിലും രേഖകൾ ഹാജരാക്കാൻ കഴിയാത്ത കുട്ടികൾക്കും താൽക്കാലികമായി അഡ്മിഷൻ നൽകാവുന്നതാണ്. അന്യസംസ്ഥാനങ്ങൾ, വിദേശ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വരുന്ന കുട്ടികൾക്കും ഇത്തരത്തിൽ അഡ്മിഷൻ നൽകാവുന്നതാണ്.

7. സമ്പൂർണയിൽ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ നിലവിൽ ആധാർ നമ്പർ (യു.ഐ.ഡി) ലഭിച്ച കുട്ടികൾ യു.ഐ.ഡി നമ്പർ രേഖപ്പെടുത്താവുന്നതാണ്. യു.ഐ.ഡി നമ്പർ 'വാലിഡ്' ആണോ എന്ന് പരിശോധിക്കാനുള്ള സംവിധാനം സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8. പൊതു വിദ്യാലയങ്ങളിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ കുട്ടികൾക്കും പ്രവേശനം ഉറപ്പാക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്. വിദ്യാഭ്യാസ ഓഫീസർമാരും പ്രഥമാദ്ധ്യാപകരും ഇക്കാര്യത്തിൽ അനുകൂലമായ സമീപനം സ്വീകരിക്കുകയും വേണ്ടവിധത്തിൽ ഇടപെട്ട് പ്രവേശന നടപടികൾ സുഗമമാക്കുകയും വേണം.

9. വിടുതൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് സമ്പൂർണ്ണ വഴിയുള്ള നിലവിലെ സംവിധാനം തുടരാവുന്നതാണ്. വിടുതൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും മേൽപ്പറഞ്ഞ രീതിയിൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

10. ഓൺലൈൻ അഡ്മിഷൻ, വിടുതൽ സർട്ടിഫിക്കറ്റ് എന്നിവക്കുള്ള അപേക്ഷ നൽകുന്നത് സംബന്ധിച്ച വിശദാംശങ്ങൾ കൈറ്റ് പ്രത്യേകമായി പ്രസിദ്ധീകരിക്കുന്നതാണ്.

സംസ്ഥാനത്ത് ലോക്ക്ഡൗൺ പിൻവലിക്കുന്ന മുറയ്ക്ക് സമഗ്ര ശിക്ഷാ കേരളം സ്കുളുകളിൽ എത്തിച്ചിരിക്കുന്ന വർഷാന്ത വിലയിരുത്തലിനുള്ള വർക്ക്ഷീറ്റുകൾ സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

**സ്വീകർത്താവ്:-**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ പ്രഥമാദ്ധ്യപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

**പകർപ്പ്:-**

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
2. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
4. എല്ലാ ഡയറ്റ്/ടി.ടി.ഐ പ്രിൻസിപ്പൽമാർക്കും
5. കരുതൽ ഫയൽ